പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3275 | 3.04.2013 ൽ മറുപടിയ്ക്ക് |

**ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യനീതിവകുപ്പ്, ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി ചാലക്കുടി മണ്ഡലത്തിൽ നിന്നും ഏതെല്ലാം അംഗൻവാടികളെയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;<br>(ബി) ഇവയുടെ നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) സാമൂഹ്യനീതി വകുപ്പിൽ നബാർഡ്- ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർ നിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012/- ലെ പൊതുമരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ